വിനുമരുവർ

ഫോൺ: 0495 -2365040 (6 ലൈൻ) ഫാക്സ്: 0495 -2366875

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ് പി. ബി. നമ്പർ 1115, കോഴിക്കോട് 673 032

e-mail-secretarykkd@gmail.com

website : www-kozhikodecorporation. lsgkerala.gov.in

സെക്രട്ടറി

ടിപി8/99850/23 തിയ്യതി- 20.12.2023

സ്വീകർത്താവ്,

ജോയിന്റ് ഡയറക്ടർ

തദ്ദേശ സ്വയംഭരണ വകുപ്പ്,

കോഴിക്കോട്.

സർ,

വിഷയം -കോഴിക്കോട് കോർപ്പറേഷൻ ടൗൺ പ്ലാനിംഗ് വിഭാഗം - നവ കേരള സദസ് - കെട്ടിടത്തിന് നമ്പർ ലഭിക്കാത്തത് ജില്ലാ സ്ഥിരം അദാലത്ത് സമിതി യോഗം മറുപടി സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന- 1. ജോയിന്റ് ഡയറക്ടറുടെ 12.12.2023 ലെ എൽഎസ്ജിഡി/ജെഡി/കെകെഡി/6861/2023 നമ്പർ കത്ത്.

2. ശ്രീ. വിജയകുമാർ എസ്.പി. എന്നവരുടെ നവകേരള സദസ്സിലെ അപേക്ഷ.

******

കോഴിക്കോട് കോർപ്പറേഷനിലെ റവന്യൂ വാർഡ് 1 റീ. സർവ്വെ 736 ൽ വീട് നിർമ്മിക്കുന്നതിന് E1/104115/2001 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ഗ്രൗണ്ട് ഫ്ളോർ നിർമ്മാണം പൂർത്തീകരിക്കുകയും ഒന്നാം നില ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതും. പ്ലാനിലെ അളവുകളും സൈറ്റിലെ അളവുകളും വ്യത്യാസമുള്ളതിനാലും പടിഞ്ഞാറ് ഭാഗത്തെ വഴിയിൽ നിന്നും കെ.എം.ബി.ആർ 1999 റൂൾ 60(1) പ്രകാരമുള്ള അകലം ലഭ്യമല്ലാത്തതിനാലും മേൽ അപേക്ഷ നിരസിച്ചിട്ടുള്ളതാണ്.

നിലവിൽ സൈറ്റ് പരിശോധിച്ചതിൽ കെട്ടിട നിർമ്മാണം (ഗ്രൗണ്ട് ഫ്ളോർ, ഫസ്റ്റ് ഫ്ളോർ, പൂർത്തീകരിച്ചിട്ടുള്ളതും,താമസ ആവിശ്യത്തിന് ഉപയോഗിച്ചു വരുന്നതായും കാണുന്നു. പ്രദേശത്ത് അന്വേഷിച്ചതിൽ പ്ലോട്ടിന്റെ പടിഞ്ഞാറ് വശത്തുള്ള വഴി ഗെയിറ്റ് വെച്ചിട്ടുള്ളതും, സ്വകാര്യ വ്യക്തികളുടെ ( സുധീർ, മിനി) കൈവശഭൂമിയാണ് എന്നും അറിയാൻ സാധിച്ചത്. പ്ലോട്ടിന്റെ കിഴക്ക് വശത്ത് അതിരുനോട് ചേർന്നാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. ആ വശത്തെ സ്ഥല ഉടമ നിഷ എന്നവരാണ്. കെ.എം.ബി.ആർ 26(4) പ്രകാരം ആ വശത്തെ സ്ഥലം ഉടമയുടെ സമ്മത പത്രം ആവിശ്യമാണ്. പടിഞ്ഞാറ് വശത്തെ അതിരിൽ നിന്നും തെക്ക് പടിഞ്ഞാറ് മൂലയിൽ 90 സെ.മി, വടക്ക് പടിഞ്ഞാറ് മൂലയിൽ 1.55 മീറ്ററും ലഭ്യമാണ്. പ്ലോട്ടിന്റെ ഫ്രണ്ട് യാഡ് ൽ ആവിശ്യമായ അകലം (കെ.എം.ബി.ആർ 2019 പ്രകാരം ലഭ്യമാണ്) പടിഞ്ഞാറ് വശത്തെ വഴി സ്വകാര്യ സ്ഥലമാണെന്ന് ബോധ്യപ്പെടുന്നതിന് ലോക്കേഷൻ സർട്ടിഫിക്കറ്റ് ആവിശ്യപ്പെടാവുന്നതും , കിഴക്ക് വശത്തെ സ്ഥലം ഉടമയുടെ സമ്മത പത്രം ഹാജരാക്കുന്ന മുറയ്ക്ക് ഒക്യുപെൻസി അപേക്ഷ പരിഗണിക്കാവുന്നതാണെന്നും എന്ന വിവരം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി

വി/